# ഇടശ്ശേരിയുടെ കാവ്യവീക്ഷണം

നീലമ്പേരൂർ മധുസൂദനൻ നായർ

ജീവിതത്തെ സംബന്ധിച്ച ആലോചനകളെല്ലാം ഒരു വ്യക്തിയുടെ രൂപക്കൂടിനുള്ളിലേക്ക് ഒതുക്കുകയും ഭൗതികവും ഭൗതികേതരവുമായ ജീവിതസഞ്ചാരങ്ങളിൽ വൈയക്തികതയ്ക്ക് മുൻഗണന നൽകുകയും ചെയ്യുക എന്നത് ഒരു വീക്ഷണരീതിയാണ്. പ്രസ്തുത ആലോചനകളേയും സഞ്ചാരങ്ങളേയും വൈയക്തികതയുടെ അതിരുകൾക്കപ്പുറം വ്യാപിപ്പിച്ച്, വൈയക്തികതയെ വികസിപ്പിച്ച് പൊതുജീവിതാവസ്ഥയ്ക്ക് മുൻഗണന നൽകുക എന്നത് മററൊരു വീക്ഷണരീതി. ജീവിതത്തിന്റെ വ്യക്തിതലത്തെയും പൊതുതലത്തെയും സംബന്ധിച്ച് ഒരുവ്യക്തി പുലർത്തുന്ന ധാരണകളും വിശ്വാസങ്ങളും ലക്ഷ്യങ്ങളുമാണ് വീക്ഷണരീതികളുടെ വ്യത്യസ്തതയെ നിർവചിക്കുന്നതും നിർണയിക്കുന്നതും.

സാഹിത്യവിചാരത്തിൽ വീക്ഷണരീതികളുടെ വ്യത്യസ്തത വളരെയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ചർച്ച ചെയ്യപ്പെടുന്നുമുണ്ട്. ഈ നില തുടരുകയും ചെയ്യും. ജീവിതത്തെ സംബന്ധിച്ച വീക്ഷണം സ്രഷ്ടാവിനും സൃഷ്ടിക്കും 'ആന്തരിക ചൈതന്യത്തോടൊപ്പം രൂപസവിശേഷതയും' നൽകുന്നു. സൃഷ്ടിയുടെയും സ്രഷ്ടാവിന്റെയും അംഗീകാരത്തിന് ആധാരമായി ഭവിക്കുന്നതും, സ്രഷ്ടാവും സൃഷ്ടിയും രണ്ടല്ലാതിരിക്കുന്നതുമായ അവസ്ഥ ഗുരുത്വവും മഹത്വവും ഉള്ളതാണ്. ഈ മഹനീയാവസ്ഥയിലും സ്രഷ്ടാവിനും സൃഷ്ടിക്കും ഗുരുത്വവും മഹത്വവുമണയ്ക്കുന്ന വീക്ഷണരീതി, സ്രഷ്ടാവിന്റെ വീക്ഷണവുമായി വിശദാംശങ്ങളിൽ പൊരുത്തപ്പെടുന്നതായിരിക്കണമെന്നില്ല. ഇതൊരു സാധ്യതയാണ്. ഈ സാധ്യത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. ഇടശ്ശേരിക്കവിതയിൽ ഇതിന്റെ പ്രസക്തി തൊട്ടറിയാനാണ് ഈ ലേഖനത്തിലെ ശ്രമം.

### ഇടശ്ശേരിത്തനിമ

ഇടശ്ശേരിയെ ആമരണം ഭരിച്ചിരുന്നത്, ഗാന്ധിയും ഗാന്ധിചിന്തയുമായിരുന്നു എന്നത് രണ്ടു പക്ഷമില്ലാത്ത കാര്യമാണ്. ക്വിററിന്ത്യാ സമരത്തിലൂടെ കോൺഗ്രസ്സിലേക്കും പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് ചേരിയിലേക്കും അവിടെനിന്ന് നിരോധിക്കപ്പെട്ട 'സ്വതന്ത്രഭാരത'ത്തിന്റെ വിതരണത്തിലേക്കും ഇടശ്ശേരിയുടെ പ്രവർത്തനം വ്യാപരിക്കുകയുണ്ടായി. പ്രവർത്തന വ്യത്യസ്തതയിലൂടെ വ്യാപരിക്കുമ്പോഴും ഇടശ്ശേരിയിൽ സ്ഥായിയായി നിന്നത് ഗാന്ധിയും ഗാന്ധിചിന്തയുമായിരുന്നു. ധരിച്ചിരുന്ന വേഷം ഖദറായിരുന്നതുകൊണ്ടല്ല ഇടശ്ശേരിയെ ഗാന്ധിയൻ എന്നു പറയുന്നത്, ചിന്ത, വാക്ക്, പ്രവൃത്തി എന്നിവകൊണ്ട്. എന്തിന്, ജീവിതംകൊണ്ടുതന്നെ. ഗാന്ധിമാർഗത്തിന്റെ ധാവള്യം ആത്മഭാവമായി സ്വീകരിച്ചയാളായിരുന്നു അദ്ദേഹം എന്നത് പഠിച്ച് സമർഥിക്കേണ്ടുന്ന ഒരു കാര്യമല്ല.

ഇടശ്ശേരി ഗ്രാമീണനായിരുന്നു. എല്ലാ അർഥത്തിലും, എല്ലാ അംശത്തിലും. അല്ലെങ്കിൽ മററൊരു വിധത്തിൽ പറഞ്ഞാൽ ഗ്രാമീണതയായിരുന്നു ഇടശ്ശേരിത്തം. ഈ ഗ്രാമീണത കവിതയിലൊന്ന്, ജീവിതത്തിൽ മററൊന്ന് എന്ന നിലയിലായിരുന്നില്ല, ഇടശ്ശേരിയിൽ. മകനായ ശ്രീ. ഇ. മാധവൻ ഇടശ്ശേരിയെക്കുറിച്ച് പറയുന്നു.

'കവിതയും ജീവിതവും അച്ഛന് രണ്ടായിരുന്നില്ല. അനുഭവങ്ങൾ പകർത്തുമ്പോഴും ധാർമിക നിലപാടുകൾ കവിതയിൽ വ്യഞ്ജിപ്പിക്കുമ്പോഴും സത്യസന്ധത പുലർത്തണമെന്ന് അച്ഛനു നിർബന്ധമായിരുന്നു. സ്വന്തം കർമത്തിലെ ഔന്നത്യമേ കവിതയിലും കാണാവൂ എന്നൊരുതരം നിർബന്ധം തന്നെ ഉള്ളപോലെ തോന്നിയിരുന്നു. അതുപോലെ ജീവിതത്തിലും ഒട്ടൊക്കെ കവിതയും വേണം എന്നുണ്ടായിരുന്നു. കവിതയും പ്രായോഗികജീവിതവും തമ്മിലുള്ള സഹവാസവും വിനിമയവും ഞങ്ങളുടെ വീട്ടിൽ ആരും പ്രത്യേകം സൂചിപ്പിക്കാതെതന്നെ അംഗീകരിച്ച പ്രത്യേകതയായിരുന്നു. സ്കൂൾ പരീക്ഷയ്ക്ക് അതർഹിക്കുന്നതിലധികം ഗൗരവം കൊടുത്ത് ചികഞ്ഞു പഠിച്ചിരുന്ന ഞങ്ങളെ അച്ഛന് ഓർമപ്പെടുത്താതിരിക്കാൻ കഴിഞ്ഞില്ല; നോക്കൂ, പരീക്ഷകൾ ഒരിക്കലും അവസാനിക്കുന്നില്ല. ഈ തിരക്കിൽ സ്വപ്നം കാണാനുള്ള നിങ്ങളുടെ കഴിവ് നഷ്ടപ്പെടാതിരിക്കട്ടെ!'

(ഇടശ്ശേരിയുടെ കവിതകൾ വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. പുറം xxxii)

ഇടശ്ശേരിയുടെ ജീവിതവേദാന്തവും കാവ്യവേദാന്തവും ഈ സ്മരണയിലുണ്ട്. ഇടശ്ശേരി ഗോവിന്ദൻനായർ എന്ന വ്യക്തിയുടെ സ്വത്വസമഗ്രതയും ഇവിടുണ്ട്. 'തിരക്കിൽ സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടാതിരിക്കട്ടെ' എന്ന ആഗ്രഹം സവിശേഷ ശ്രദ്ധയർഹിക്കുന്നതുമാണ് – പ്രത്യേകിച്ച് ജീവിതത്തിനും അതിജീവനത്തിനുമുള്ള തിരക്കിൽ സ്വപ്നം കാണാനുള്ള നേരവും ശേഷി

യും ശോഷിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യാവസ്ഥയിൽ ശ്രീ. ഇ. മാധവന്റെ വാക്കുകളിൽ തെളിഞ്ഞുവരുന്ന കവിയുടെ സ്വരൂപം സർവസാധാരണമല്ല. ഒരുപക്ഷേ, മലയാളത്തിൽ ഇടശ്ശേരിക്കുമാത്രം അവകാശപ്പെടാവുന്ന ഒന്നാണിത്. ഇടശ്ശേരിക്കവിതയുടെ അന്തശ്ചൈതന്യത്തിന്റെ ഉറവിടം ഈ അസാധാരണത്വമാണ്. അതുകൊണ്ടാണ് ഇടശ്ശേരിക്കവിത പ്രൗഢജീവിതത്തിന്റെ പ്രകടോൽഘോഷങ്ങളാകാതെ, ലളിതവും ഗ്രാമീണവുമായ ജനജീവിതത്തിന്റെ മനമിടിപ്പുകളായിത്തീർന്നിരിക്കുന്നത്.

താൻ താണവരിലൊരുവൻ എന്ന തിരിച്ചറിവും രൂഢമായിത്തീർന്ന വിശ്വാസവും 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിലെ ആട്ടിടയനായി പകർന്നാടി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട് ഈ കവി. തന്റെ ജന്മത്തിന്റെ പൊരുൾക്കനം എന്തെന്ന്

'എനിക്കുമൊരു മാതുണ്ടായീ പ-
ണ്ടെന്നെ നൃപന്നു കൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ!
അവൾക്കു കുളിരിനു കമ്പിളി നേടി-
പ്പിന്നീടെന്നോ ഞാൻ ചൊൽകെ.
ഒരട്ടിമണ്ണു പുതച്ചു കിടപ്പൂ;
വീടാക്കടമേ മമ ജന്മം!'

എന്നീ വാക്കുകളിലൂടെ ഇടയൻ നമ്മോടു പറയുന്നു. എളിമത്തത്തിന് ഒരു താഴ്ചയുണ്ടെങ്കിൽ, ഒരു ദൈന്യാവസ്ഥയുണ്ടെങ്കിൽ, അതെവിടെയെങ്ങനെയെന്ന് വേറിട്ടൊന്ന് തിരയേണ്ടതില്ലല്ലോ! ഇങ്ങനെയൊരു ആട്ടിടയൻ തഥാഗത കഥകളിലെങ്ങും തന്നെയില്ല. ഈ ഇടയൻ ഇടശ്ശേരിയുടെ തനതവതാരം തന്നെയെന്ന് കവിതയുടെ മുൻകുറിപ്പിൽ കവി നമുക്ക് ഇങ്ങനെ ഉറപ്പുനൽകുന്നു.

'വലിയവരുടെ ആശ്രിതനായി അവരുടെ വീടുകളിൽ കഴിഞ്ഞുകൂടിയിട്ടുണ്ട് ഞാൻ. അക്കാലത്ത് അവിടെ അതിഥികളായി വന്ന വള്ളത്തോൾ, ഇ.വി., നാലപ്പാടൻ തുടങ്ങിയവരെ അൽപ്പം അകന്നുനിന്ന് നോക്കിക്കാണുന്നതിലുണ്ടായ രസം ഒരിടയനിലൂടെ പ്രകടമാക്കിയതാണ് ഈ കവിത' (ഇടശ്ശേരിയുടെ കവിതകൾ- വള്ളത്തോൾ വിദ്യാപീഠം, ശുകപുരം- പുറം 577). ഇതിൽ പറയുന്ന 'രസം' ഇടശ്ശേരിയുടെ ഗ്രാമീണ മനസ്സിൽ മാത്രം ഉല്പാദിതമാകുന്നതുമാണ്. അതിൽ അധമത്വ ബോധമില്ല. ഒരു സാധാരണ മനോഭാവമെന്ന നിലയിലാണ് ഇടശ്ശേരി ഈ 'രസ'ത്തെ അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ എളിമത്തവും ലാളിത്യവും രൂപപ്പെടുത്തിയ സാധാരണതയെ ദർശനപാഠമായി വരിച്ച ഒരു മനസ്സിനെ ജീവിതത്തിന്റെ ഈ സാധാരണതയ്ക്ക് അസാധാരണമാം വിധം ഉദാത്ത ദൃഢീകരണം നൽകാനാവൂ. ഇടശ്ശേരിയുടെ ജീവിത വീക്ഷണത്തിന്റെ, കാവ്യവീക്ഷണത്തിന്റെയും ആധാരശില ഉദാത്ത ദൃഢീകൃതമാക്കപ്പെട്ട ജീവിതസാധാരണതയാണ്. ഈ ജീവിതസാധാരണതയുടെ സാകല്യസ്വഭാവം ഗ്രാമീണമാണെന്നതും ശ്രദ്ധയിൽ തറയുന്നു.

### ആകാശം വിട്ടിറങ്ങുന്ന കവിത

ചിറക് ആവോളം വിരിച്ച് ആകാശത്തു വിഹരിക്കുവാനാണ് കവിതയ്ക്ക് സഹജമായുള്ള അഭിനിവേശം. അതുകൊണ്ടാണ് അബോധപൂർവം കവിതയോട് അടുക്കുന്നവർ കാൽപ്പനികതയുടെ തേരേറി മണ്ണിൽനിന്ന് ഉയർന്നു പൊങ്ങുന്നത്. പക്ഷേ, മനുഷ്യന് മണ്ണിലേ കാലുറയ്ക്കൂ. ആകാശത്തു വിഹരിക്കുന്ന കവിതയുമായി അഭിരമിക്കുവാനാഗ്രഹിക്കുന്ന മനുഷ്യൻ മണ്ണിൽനിന്നുയർന്ന് ആകാശത്തെത്തണമെന്നു ശഠിക്കുന്നവരുണ്ട്. എന്നാൽ, ആ വഴി ഇടശ്ശേരിക്ക് ഇഷ്ടമല്ല. അദ്ദേഹം കവിതയുടെ ആകാശത്തെ മനുഷ്യൻ ചുവടുറപ്പിച്ചുനിൽക്കുന്ന മണ്ണിലേക്കിറക്കിക്കൊണ്ടു വരുന്നു. കവിത മണ്ണിലേക്കിറങ്ങി നിന്ന് മനുഷ്യനുമായി സംഗമിക്കുമ്പോളേ മനുഷ്യമനസ്സ് വിശ്വസ്നേഹനിർഭരമാവുകയുള്ളൂ എന്ന് ഇടശ്ശേരി വിശ്വസിക്കുന്നു. ഈ വിശ്വാസം തന്റെ മുപ്പത്തിനാലാം വയസ്സിൽത്തന്നെ ഇടശ്ശേരി പ്രഖ്യാപിക്കുന്നുണ്ട്.

'ചെന്താർ പൊയ്കയുമന്തിവിണ്ണുമഴകെ-
ന്നോതും കവിപ്രൗഢരെ-
ത്താന്താൻ വഞ്ചിതരാകുവാൻ വിടുക, ഞാ-
നാളല്ല വാദിക്കുവാൻ
സ്വാന്താകർഷകമിങ്ങുനിൻ മധുരമാം
സൗന്ദര്യമൊന്നേ, മുദാ-
ഭ്രാന്താളുമ്പൊഴുതും കിടന്നലമുറ-
ക്കൊള്ളുമ്പൊഴും മർത്യതേ!'

എന്നും,

'മർത്ത്യൻ സുന്ദരനാണു, കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾതൻ
നൃത്യത്തിന്നു മുതിർക്കുവാൻ സ്വയമണി-
ഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ, മഹിതമാ-
യാലും മറിച്ചാകിലും
തൽഭാവങ്ങളപൂർണമാണളവുകോ-
ലെന്നുള്ള കാലംവരെ' (ഇടശ്ശേരിയുടെ കവിതകൾ, പുറം: 190-192)

എന്നും ഇടശ്ശേരി പാടുമ്പോൾ, അത് കാവ്യവീക്ഷണത്തെക്കുറിച്ചുള്ള, അദ്ദേഹത്തിന്റെ തുറന്ന അഭിപ്രായപ്രകടനമായി കണക്കാക്കാവുന്നതാണ്.

'ആനന്ദമല്ലീലക്ഷ്യം കാവ്യകലയ്ക്ക്' എന്നു പ്രഖ്യാപിക്കുന്ന മഹാപാണ്ഡിത്യത്തോട് കവി തന്നെ വെട്ടിത്തുറന്നു പറയുന്നു:

'ഞാനൊരു കർഷകനത്രേ
നട്ടുവളർത്തുന്നു ഞാൻ കരിമ്പിവിടെ
മധുരം നിർവൃതികരമുരു-
മാദ്ധ്വി തുടിക്കുന്നുമുണ്ടിതിൻ തണ്ടിൽ
കൂലി കുറച്ചതെതിർക്കാൻ
നില മുഴുവോനാക്കുവാനുമായിവിടെ
അലറിക്കൊണ്ടീവഴി പോ-
മശ്ലീലക്കാ, രസഭ്യ, രാഭാസർ
ഞാനറിവോരുണ്ടവരിൽ
കൃഷി ചെയ്വോ, രിടയർ, കൂലി വേലക്കാർ!
കണ്ടിട്ടില്ലിന്നോളം
സഹൃദയനെന്നോതിടുന്നൊരാളെയുമേ
അവരെൻ കേദാരത്തിലെ
വളർ മധുരത്തണ്ടൊടിച്ചു ചാറീമ്പി
വരളും തൊണ്ട നനപ്പൂ
വർധിതമദമൊത്തു വീണ്ടുമാർത്തീടാൻ' (പ്രസ്താവന)

'സൗന്ദര്യാരാധന'യിലെ വെളിച്ചപ്പെടലിന് സുമാർ ഇരുപത്തിമൂന്നു വർഷങ്ങൾക്കു ശേഷം എഴുതിയ 'അമ്പാടിയിലേക്കു വീണ്ടും' എന്ന കവിതയിലൂടെ അദ്ദേഹം തന്റെ വീക്ഷണം കൂടുതൽ തിളക്കുന്നുമുണ്ട് എന്നതിന്

'വിരോധിമാരേ, നിങ്ങൾക്കാ-
യാശംസിപ്പൂ ഞാനിവയെ!
വിശപ്പൊരിക്കലുമേൽപ്പിക്കാത്തൊരു
വിശേഷ ഭക്ഷണവിഭവങ്ങൾ;
വിയോഗമെന്തെന്നറിയാനരുതാ-
ത്തവിഘ്നസിദ്ധപ്രണയങ്ങൾ,
ഒരിററു നിണവും വീഴാതഴകോ-
ടൊഴിഞ്ഞു കിട്ടും വിജയങ്ങൾ!
എനിക്കുരസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ;
ഇതേതിരുൾക്കുഴി മേലുരുളട്ടേ
വിടില്ല ഞാനീ രശ്മികളെ
എനിക്കു രസമത്യാസന്നോദയ-
വികാര വിപ്ലവ ദൃശ്യങ്ങൾ-
അഗാധ ഹൃദയ ഹ്രദമഥനോത്ഥിത-
സൗന്ദര്യ പ്രതിഭാസങ്ങൾ' (അമ്പാടിയിലേക്ക് വീണ്ടും) എന്ന വരികൾ സാക്ഷി.

## വേഷവും ഭാഷയും

കൂട്ടായ്മയിൽനിന്നു തെറിച്ചുപോവുകയും തെററിപ്പോവുകയും ചെയ്യുന്ന ഒററപ്പെട്ട മനുഷ്യന്റെ മനോവ്യവഹാരങ്ങളല്ല ഇടശ്ശേരിയുടെ കാവ്യ വിഷയം. കൂട്ടായ്മ ജീവിതത്തിൽ ഉൾപ്പെട്ടു നിൽക്കുന്ന സാധാരണരുടെ ദുരിതങ്ങളും സങ്കടങ്ങളും വിമ്മിട്ടങ്ങളും നിത്യജീവിത പ്രാരാബ്ധങ്ങളും ഇടശ്ശേ

രിയെ മഥിക്കുന്നു. തന്റെ മനസ്സിലെ കടച്ചിൽ വാങ്മയമാക്കുവാൻ തനിക്കു പററിയ മാധ്യമം കഥാകവനങ്ങളാണെന്ന് ഇക്കവി നന്നായി തിരിച്ചറിഞ്ഞു. ഉചിതസമയത്തുതന്നെ, ഗ്രാമ്യനും ശക്തനും ജീവിതോപാസകനുമായ ഇടശ്ശേരിയെ കഥാകവനങ്ങളിലാണ് തികവോടെയും മികവോടെയും നാം സന്ധിക്കുന്നത്. 'പുത്തൻകലവും അരിവാളും', 'ഊർച്ചയും വിത്തൂന്നലും', 'ഇസ്ലാമിലെ വൻമല', 'കുടിയിറക്കൽ', 'പണിമുടക്കം', 'പൂതപ്പാട്ട്', 'കാവിലെപാട്ട്' മുതലായ കഥാകവനങ്ങളിൽ തെളിഞ്ഞു കാണുന്ന നാടൻ ജീവിതത്തിന്റെ താളവും തനിമയും, ഗ്രാമീണ സങ്കൽപ്പങ്ങളുടെ തെളിമയും സരളതയും മലയാള കാവ്യലോകത്തെ സംബന്ധിച്ചിടത്തോളം അപൂർവ സാധാരണങ്ങളാണ്. അവയ്ക്ക് വാഗ്രൂപം നൽകിയ കാവ്യ കൽപ്പനയുടെ ഉൾക്കരുത്ത് അനന്യസിദ്ധവുമാണ്. ദ്രാവിഡത്തനിമയുടെ ഇനിമയാർന്ന ഗാനാത്മകത തുളുമ്പിനിൽക്കുന്ന ഈരടികൾ ഒരുപക്ഷേ, ഇടശ്ശേരിയിൽ നിന്നുമാത്രമേ ഇത്രയധികം സമ്പന്നതയോടെ കൈരളിക്കു കിട്ടിക്കാണുകയുള്ളൂ. ഇടശ്ശേരിയുടെ വർത്തമാനകാലത്ത്.

'ആരേപോയ പുകൽക്കി, പ്പാട-
ത്തരിമയൊടാരിയൻ വിത്തിട്ടു?
മേലേ തീമഴ താഴേ ചെങ്കനൽ
മീനക്കൊടും വെയിൽ കത്തുമ്പോൾ–'

എന്നു തുടങ്ങുന്ന ഗാനത്തോടെ 'പുത്തൻകലവും അരിവാളും' ആരംഭിക്കുന്നു.

'നീണ്ടകാലുകൾ, മത്സ്യച്ചോടേററി മുമ്പോട്ടുന്തി
ക്കൊണ്ടെഴും കഴുത്തിന്മേൽ കൂർത്തതാം തല ഏവം
രണ്ടുകാലിന്മേൽ നടക്കുന്നൊരൊട്ടകം പോലെ
കണ്ടതോർമിക്കുന്നുണ്ടോ താങ്കൾ അ'ക്കുഞ്ഞൂസ'യെ?'
(ഊർച്ചയും വിത്തൂന്നലും)

'നൂറുശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു
പയ്യിലും പാമ്പിലും കാവുതോറും
കല്ലിലും കാൺമൂ ഞാനീശ്വരനെ.
(ഇസ്ലാമിലെ വൻമല)

'തുണി നെയ്യും മില്ലിൽ പണിമുടക്കം
പണിയില്ല, പട്ടിണി നാൾവഴക്കം.
ഒരുമാസമുന്തിക്കഴിച്ചുകൂട്ടി;
പൊറുതിയില്ലെങ്ങുമേ പോക്കുമുട്ടി.'
(പണിമുടക്കം)

'അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ, മനുഷ്യന്മാരേ!
ഒരു കാട്ടുപാതയി, ലരമൈൽ നടന്നാല-
ക്കരയായീ നമ്മുടെ ചെററമാടം.'
(ബുദ്ധനും ഞാനും നരിയും)

മുതലായ കാവ്യഭാഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഗ്രാമീണതയുടെ നൈസർഗികതയും ഗ്രാമപദങ്ങളുടെ ചടുലതയും നമ്മുടെ ആസ്വാദത്തിന് അസാധാരണ മാനങ്ങൾ നൽകുന്നു. ഇവിടെ അവതരിക്കുന്ന കാവ്യഭാഷയും അതുൾക്കൊള്ളുന്ന ജീവിതപ്പൊരുളുകളും ലളിതവും സരളവുമാണ്. നമ്മുടെ നിത്യജീവിത വ്യവഹാരങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന ഈ വിശുദ്ധഭാഷ പ്രാരബ്ധപൂർണമായ സാധാരണ ജീവിതത്തിന്റെ രോദനം മുഴക്കുന്നു. അവിടെ ചൊടിച്ചു നിൽക്കുന്ന വിയർപ്പും കണ്ണീരും ഇടശ്ശേരി നമുക്കു കാട്ടിത്തരുന്നു. മാത്രമല്ല, അവയെ നമ്മുടെ വൈകാരികാംശങ്ങളാക്കിത്തീർക്കുകയും ചെയ്യുന്നു. താൻ ഈ വിധത്തിൽ കണ്ടറിഞ്ഞതും കൊണ്ടറിഞ്ഞതും അകൃത്രിമ ചേതോഹാരങ്ങളായ നാടൻ വാക്കുകളിലൂടെ, നാടൻ ബിംബങ്ങളിലൂടെ, ഇടശ്ശേരി കാവ്യരൂപത്തിലേക്കു പകർത്തുമ്പോൾ ആ പകർത്തലിൽ നാടൻ പാട്ടിന്റെ ശീലും ചേലും ആർദ്രതയും ആഴവും എങ്ങനെ അലിഞ്ഞുചേർന്നിരിക്കുന്നു എന്നു കണ്ടു വിസ്മയം കൊള്ളാൻ 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽനിന്ന് ഇതാ രണ്ട് ഉദാഹരണങ്ങൾ

1. 'പുതലിറക്കിക്കൊണ്ടു പുതുവിത്തണിനിലം
പതിയും കാർമുകിൽ നീങ്ങുമ്പോൾ
ഏറെപ്പൊൻമുള പാടത്തോ കുളിർ–
കോരിയ കോമനു മാറത്തോ!'

2. 'ആരോമൽച്ചേകവരങ്കം പിടിച്ചിട്ടും
അരമുഴം വാങ്ങീല പുൽച്ചേരി;
കരയെത്തെരിവള കൊഞ്ചിക്കുഴഞ്ഞിട്ടും
അരമുഴം നീങ്ങീല പുൽച്ചേരി!'

നാടൻ സങ്കൽപ്പങ്ങളുടെ കരുവും നാടൻ വാക്കുകളുടെ കരുത്തും ഇത്രമാത്രം പ്രയോജനപ്പെടുത്തിയ മററൊരു മലയാള കവിയെ കാണാൻ പ്രയാസം. ആ മാർഗം പിന്തുടരാൻ ശ്രമിച്ച ഒരു കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ എന്നതു വിസ്മരിക്കുന്നില്ല.

നാഗരികപ്രൗഢജീവിതത്തിന്റെ ഉത്സവമോ ഉത്സാഹമോ എന്തെന്നറിയാത്ത, നാട്ടിൻപുറത്തെ സാധാരണരായ മനുഷ്യരുടെ ജീവിതങ്ങളിലൂടെയാണ് ഇടശ്ശേരി തന്റെ കാര്യദൗത്യം നിർവഹിച്ചിരിക്കുന്നത്. പാടമുഴുതു മറിക്കുന്ന കോമനിലൂടെ (പുത്തൻകലവും അരിവാളും) , കുഞ്ഞുമൂസയുടെ നഖചിത്രരേഖകളിലൂടെ (ഊർച്ചയും വിത്തൂന്നലും), ആര്യക്കൂറും കുടുമയുമുള്ള ഹിന്ദുവിലൂടെ (ഇസ്ലാമിലെ വൻമല), കുടിയിറക്കപ്പെട്ടവന്റെ ഗദ്ഗദധാരയിലൂടെ (കുടിയിറക്കൽ), ഉടുതുണിക്കു മറുതുണിയില്ലാത്തതിനാൽ കല്യാണച്ചെറുക്കനെ ഇഷ്ടപ്പെട്ടില്ലെന്നു പറഞ്ഞു മടക്കി അയയ്ക്കുന്ന കന്യകയിലൂടെ (കല്യാണപ്പുടവ), പണിമുടക്കി നിൽക്കുന്ന തൊഴിലാളിയുടെ വീരകഥയിലൂടെ (പണിമുടക്കം), കൈക്കോട്ടുകാരനായ കുട്ടപ്പന്റെ പ്രണയ പുരാണത്തിലൂടെ (പരിപൂർണതയിലേക്ക്), മകന്റെ വാശിയുടെ കഥപറയുന്ന വൃദ്ധനിലൂടെ (മകന്റെ വാശി), പറയൻ കുന്നിൽ തുറികണ്ണും നീട്ടിയിരിക്കുന്ന പൂതത്തിലൂടെ (പൂതപ്പാട്ട്), സങ്കൽപ്പനായകൻ തല്ലിത്തകർത്ത മനോരഥത്തിന്റെ ഉടഞ്ഞ ചീളുകളും നോക്കിയിരിക്കുന്ന നിഷ്കളങ്കയായ പാറുവിലൂടെ (നെല്ലുകുത്തുകാരി പാറുവിന്റെ കഥ), മകളുടെ വീട്ടിൽ വീടുതെററിക്കയറിയെന്നു പറയുന്ന പിതാവിന്റെ ദൈന്യത്തിലൂടെ (അങ്ങേ വീട്ടിലേക്ക്), തരുണ ഹൃദയരക്താർത്തയായ ദേവിയുടെ കഥയിലുടെ (കാവിലെപാട്ട്) ആയനും നടത്തുന്നവർക്കു ബോധ്യപ്പെടുന്ന ഒരു നേരുണ്ട്- ഭൂതവർത്തമാനകാലങ്ങൾ സജീവചൈതന്യം പകർന്നു നൽകിയ ഒരുഗ്രാമം, ഇവിടെ കവിഹൃദയമായി പൊരുത്തപ്പെട്ടിരിക്കുന്നു. താൻ ചുവടുറപ്പിച്ചുനിൽക്കുന്ന പരിമിത വ്യാപ്തമെങ്കിലും ചൈതന്യപുഷ്കലമായ മണ്ണിന്റെ വേരുകളോടും തലപ്പുകളോടും താദാത്മ്യം പ്രാപിക്കാൻ കഴിഞ്ഞ കവിയെന്ന നിലയിൽ ഇടശ്ശേരിയ്ക്കുള്ള ഇടം അഴിവെഴാത്തതാണ്. ആ നാട്ടിൻപുറത്തെ ഓരോ സംഭവവും, ഓരോ നിസ്സാരചലനം പോലും, വിശ്വസംഭവങ്ങളുടെ പ്രാധാന്യത്തോടെ ഏററുവാങ്ങാനും ഉൾക്കൊള്ളാനും തന്റെ കവിതയ്ക്കാന്തരികോർജമായി ഭാവപരിണാമം വരുത്താനും ഇടശ്ശേരിക്കു കഴിയുന്നു. ഈ പ്രക്രിയയിൽ ധാവള്യം പരത്തി നിൽക്കുന്ന ആത്മാർഥതയ്ക്ക് തികഞ്ഞ വിശുദ്ധിയുണ്ട്.

### കവിതയുടെ മനുഷ്യക്കൂർ

ഇടശ്ശേരിയുടെ ഏറെ പ്രസിദ്ധമായ 'പണിമുടക്കം' എന്ന കവിതയ്ക്ക് സി.ജെ. തോമസ് 'രാജ്യദ്രോഹിയായ ഇടശ്ശേരി' എന്ന തലക്കെട്ടോടെയാണ് അവതാരിക കുറിച്ചത്. ഇവിടെ വ്യക്തമാകുന്നത് വിയർപ്പിന്റേയും കണ്ണീരിന്റേയും പക്ഷം പിടിച്ചുള്ള ഇടശ്ശേരിയുടെ ഉറച്ച നിലയും, ആ നിലയുടെ ഉൾപ്രേരകമായ മനുഷ്യക്കൂറും ആകുന്നു.

പാവപ്പെട്ട കർഷകന്റെ മേൽ പതിക്കുന്ന ജന്മിത്തത്തിന്റെ ചക്രായുധമായ വിളജപ്തിയുടെ നേരേ തിരിയുന്ന കവിയുടെ ശബ്ദം 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ ഉയർന്നു കേൾക്കുന്നു. പൊള്ളുന്ന വേനലിന്റെ വറുതിയും കെടുതിയും കടന്ന് പൊറുതി കെടുത്തിയ പേമാരിയുടെ കാലപ്പിഴയും അനുഭവിച്ച് കോമൻ പൂട്ടി വിതച്ചു പൊന്നു വിളയിച്ച പാടം കൊയ്യിച്ചത്,

'കോമനുമല്ലപണിക്കാരും- ഒരു
കോടതിയാമീനു മാൾക്കാരും'

ആയിരുന്നു. കോടതിയുടെ അധികാരത്തെ ജന്മിത്തത്തിന്റെ ധിക്കാരമായി കാണുവാൻ മാത്രമല്ല, അധികാരത്തിനെതിരെ

'ഉണ്ണാനുള്ളൊരു ചോററിൽ പട്ടികൾ
നിന്നു ചിലപ്പതു കണ്ടാലോ'

എന്ന ധ്വനിശക്തമായൊരു അർഥാന്തരന്യാസത്തിലൂടെ നമ്മെ തീ പിടിപ്പിച്ചു നിർത്താനും ഇടശ്ശേരിക്കു കഴിയുന്നു. ജന്മിത്തത്തിന്റെ ഈ ധിക്കൃതിക്കെതിരെ ഉറഞ്ഞുതുള്ളുന്ന പണിയെടുക്കുന്നവന്റെ ചിത്രം ഇടശ്ശേരി വരയ്ക്കുന്നതിങ്ങനെ:

'കൊയ്യല്ലീ വിള മററാരും ചെറു-
കോമനിറങ്ങീ കണ്ടത്തിൽ'

ചൊടിച്ചുയരുന്ന ഈ നിഷേധ രോഷത്തിന്റെ ഉച്ചാവസ്ഥയെ ഉറക്കെ വിളംബരം ചെയ്തുകൊണ്ട്

'അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ!'

എന്ന് പ്രഖ്യാപിക്കുമ്പോൾ, ജന്മി-കൂടിയാൻ സംഘർഷത്തിൽനിന്നുയരുന്ന കാർഷികവിപ്ലവകാഹളത്തിന്റെ മുഴക്കം ഒരു കവിയിലൂടെ മലയാളം ആദ്യമായി കേൾക്കുകയായിരുന്നു.

'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ കാർഷിക വിപ്ലവത്തിന്റെ കാഹളം മുഴക്കിയ കവി 'പണിമുടക്കം' എന്ന കവിതയിൽ ഫാക്ടറിത്തൊഴിലാളികളുടെ സംഘടിത സമരത്തിന്റെ ഉൾനീറലും മെയ് നോവലും പൊരുൾക്കനമുള്ള വാക്കുകളിലേക്കാവാഹിക്കുകയും തൊഴിലാളി വർഗവിപ്ലവത്തിന്റെ ഉദ്ഗാതാവായി സ്വയം മാറുകയും ചെയ്യുന്നു. പണിമുടക്കത്തെ തുടർന്ന് തൊഴിലാളിക്കോളനിയിലെ അർധപട്ടിണിക്കാരുടെ ജീവിതത്തിലേക്ക് ആഞ്ഞുകയറുന്ന ദുരതത്തിന്റെ ചീളുകൾ സൃഷ്ടിക്കുന്ന മുറിവുകളേയും ആക്രമണത്തെ പ്രതിരോധിച്ചു നിൽക്കുന്ന തൊഴിലാളികളുടെ സഹനശക്തിയേയും, മനുഷ്യന്റെ കാഴ്ചപ്പാടിൽ ചിത്രീകരിക്കുന്നു ഇടശ്ശേരി.

പണിമുടക്കി നിൽക്കുന്ന തൊഴിലാളികളുടെ സമരവീര്യത്തെ അസ്തശക്തമാക്കാൻ മുതലാളി കരിങ്കാലികളെ ഇറക്കി. അവരോരിടഞ്ഞ തൊഴിലാളികൾക്ക് എല്ലൊടിഞ്ഞു. ലാത്തിയും തോക്കുമെത്തി. പട്ടിണിയും പരിക്കുമേററ തൊഴിലാളികളുടെ വീടുകളിൽ മരണം കയറിയിറങ്ങി. രോഗദാരിദ്ര്യദുരിതങ്ങളിൽ ഞെരിഞ്ഞമർന്ന തന്റെ പത്തുകുഞ്ഞുങ്ങളിൽ അവസാനത്തേതിനേയും മണ്ണിനടിയിലാക്കി നിവർന്ന തൊഴിലാളി, കൈക്കോട്ടു തോളിൽ വച്ച് ഭാര്യയുടെ ചുക്കിചുളിഞ്ഞ കൈ പിടിച്ചുകൊണ്ട്

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

എന്ന് ഉദ്ഘോഷിക്കുന്നിടത്തെത്തുമ്പോൾ കവി അധ്വാനിക്കുന്ന വർഗത്തിന്റെ പക്ഷത്താണ്. കഠോരദാരുണമായ ഒരു സംഭവകഥനം നമ്മിലുയർത്തുന്ന നൊമ്പരം, തൊഴിലാളി സന്താനങ്ങളുടെ പട്ടിണിമരണവും അതേസമയം മുതലാളി ദമ്പതികളുടെ സന്താനലാഭ സത്രയജ്ഞവും നേർക്കുനേരെ നിന്നു സൃഷ്ടിക്കുന്ന അസ്വസ്ഥതയുടെ വെടിമരുന്നുകോട്ടയുടെ മധ്യത്തു വീഴുന്ന തീക്കനലായി പരിണമിക്കുന്നു.

'നെല്ലു കുത്താനാവില്ല മേലിലങ്ങത്രേ, 'റൈസു-
മില്ലു'താൻ സ്ഥാപിച്ചത്രേ തന്റെ കൊച്ചെജമാനൻ'
(നെല്ലുകുത്തുകാരി പാറുവിന്റെ കഥ)
എന്നും,
'ഇക്കയർ പണിയും സോദരിമാർ താ-
നെക്കാലവുമെൻ ദുസ്വപ്നം'
(ചകിരിക്കുഴികൾ)

എന്നും, ഇടശ്ശേരി എഴുതുമ്പോൾ, നിഷ്കിഞ്ചനവർഗത്തിനുവേണ്ടി വാദിക്കുന്ന ഒരു കവിയുടെ സ്വത്വവ്യക്തതയും ബോധദാർഢ്യവും നാം തൊട്ടറിയുന്നു.

**കരുത്തിന്റെ സൗന്ദര്യം**

ഇടശ്ശേരിക്കവിതയിൽ കത്തിനിൽക്കുന്ന കരുത്തിനു നിദാനം ജീവിതത്തിന്റെ ഉള്ളിൽനിന്നുകൊണ്ട് പുറത്തേക്കു നോക്കിക്കണ്ടറിഞ്ഞ സാമൂഹിക നെറികേടുകളോടുള്ള എതിർപ്പും അതിലധിഷ്ഠിതമായ മനുഷ്യസ്നേഹവുമാണ്.

എതിർശക്തികളുടെ മുൻപിൽ ധൈര്യവും വീര്യവും പൂണ്ട് ചൊടിച്ചുയർന്നു നിവരുന്ന കരുത്തുള്ള മാനവ മനസ്സുകളെയാണ് ഇടശ്ശേരിക്കവിതകളിൽ നാം കണ്ടുമുട്ടുക. പത്താമത്തെ കുഞ്ഞിനു കുഴിയും വെട്ടി നിവരുന്ന രാമൻ എന്ന തൊഴിലാളി (പണിമുടക്കം), 'കൊയ്യല്ലീ വിളമററാരും' എന്നു ഗർജിക്കുന്ന കോമനും ചാത്തപ്പനും (പുത്തൻകലവും അരിവാളും), ഉടുക്കാൻ മുണ്ടില്ലാത്തതിനാൽ നേരേവരാനാവാതെ ചെറുക്കനെ ബോധിച്ചില്ലെന്ന് ഉറക്കെ പറയുന്ന കന്യക (കല്യാണപ്പുടവ), പരിപൂർണതയിലേക്കു കുതിക്കുന്ന കുട്ടപ്പൻ എന്ന കൈക്കോട്ടുകാരൻ (പരിപൂർണതയിലേക്ക്), 'തേവിത്താണ കുളം' പോലെയായിത്തീർന്ന പെങ്ങൾ (പെങ്ങൾ), പൂതത്തിന്റെ പിടിയിൽ നിന്നും മകനെ തന്റേടംകൊണ്ടു വീണ്ടെടുക്കുന്ന അമ്മ (പൂതപ്പാട്ട്), മകന്റെ ചോരയിൽ നാവും നാളവും കുതിർത്ത ദേവിയുടെ മുൻപിൽ അഗ്നിശാഖ പോലെ ജ്വലിച്ചുയർന്നു നിൽക്കുന്ന അമ്മ (കാവിലെപാട്ട്) തുടങ്ങി ഇടശ്ശേരിയുടെ വാക്കിൽ പിറക്കുന്ന മനുഷ്യരെല്ലാം തന്നെ കരുത്തിന്റെ ഉദ്ഘോഷകരായിത്തീർന്നിരിക്കുന്നു. അക്കാരണത്താൽ തന്നെ, അവരെല്ലാം കാവ്യ സൗന്ദര്യത്തിന്റെ സന്ദേശവാഹരായി നമ്മിൽ നിറഞ്ഞു നിൽക്കുകയും ചെയ്യുന്നു.

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ

ഇതേതിരുൾക്കുഴിമേലുരുളട്ടേ
വിടില്ല ഞാനീ രശ്മികളെ.'
(അമ്പാടിയിലേക്കു വീണ്ടും)
എന്ന് കാവ്യകൽപ്പനയുടെ ഉയരത്തിൽ നിന്നുകൊണ്ട് കവി പ്രഖ്യാപിക്കുന്നു.
'പൊടിയലമർന്നു കഴിഞ്ഞോർക്കേകിയ
വൈക്കോൽ വിരികളേ മാറൂ
പുതുനീരാളിപ്പട്ടു വിരിയ്ക്കൂ
നാളത്തെജ്ജനതയ്ക്കായ്!'
(പഴകിയ ചാലുകൾ മാററുക)
എന്ന് ശക്തിയോടെ ആവശ്യപ്പെടുകയും ചെയ്യുന്നു.
'ജാരാഗ്നിച്ചെന്തിരി വെട്ടത്തിൽ
നരാവിഷ വിപണന വൃത്തം'
എന്ന് അധോലോകത്തെ കാണുകയും.
'അവിടെയിരിപ്പൂ നൂനം ഞാനിഹ
തേടി വരുന്നോരഭയം.'
എന്ന് മനുഷ്യജീവിതത്തിന്റെ ലക്ഷ്യപ്രാപ്തിയെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഇരുമുടിച്ചുമടുമായി അന്വേഷണത്തിന്റെ കരിമല കയറി അഭയം തേടുന്ന ഇടശ്ശേരിയെയും കാണുന്നു.
മരണത്തിനുവേണ്ടി 'ഒരുതിരികൊളുത്തി കൈ മലർത്തി വാതിൽ മലർക്കെ തുറന്നിട്ടു' കൊണ്ട്
'വെറുതെയായിട്ടില്ലെന്റെ ചലനമൊന്നും
വെറുങ്ങലിപ്പെന്തെന്നു ഞാനറിഞ്ഞിട്ടില്ല
കുനിഞ്ഞെങ്കിലൊരു പുലാവില പെറുക്കാൻ
കുടിച്ചിട്ടുണ്ടൊരുകിണ്ണം കൊഴുത്ത കഞ്ഞി'
എന്ന് ഉറച്ച ആത്മധൈര്യത്തോടെ, മികച്ച ചാരിതാർഥ്യത്തോടെ പറയാൻ മലയാളത്തിൽ ഒരു കവിക്കേ കഴിഞ്ഞിട്ടുള്ളു- ഇടശ്ശേരി ഗോവിന്ദൻ നായർക്ക്!